# പുനർജനി

**[പ്രൊഫസ്സർ കുഞ്ഞാപ്പു, *D.Sc., Ph.D.*]**

**മുത്തച്ഛനാശാൻ** കേണു:
ആരും ഉത്തരങ്ങൾക്കായ് —
പണ്ഡിത സാക്ഷ്യങ്ങൾക്കായ് —
വിളിക്കുന്നില്ല.
ആദ്യം ആദിമയുത്തരം
ഉത്തരയുത്തമ ചോദ്യം പിന്നെ.

കത്തുംകാത്ത്
കേണൽപോലുമിരിക്കുന്നില്ല.
വിരൽ പത്തും വളച്ച്
കുമ്പിട്ടിരിപ്പാണേവരും
മുമ്പിൽ
കുമ്പിട്ടിരിപ്പാണേവരും:

വൈദ്യനെ വെല്ലുന്ന വിഷരോഗിയാവാൻ
മാഷിനെ വിരട്ടുന്ന വിദ്യാർത്ഥിയാവാൻ.
ന്യായാധിപനെ അന്യായ വകുപ്പ്
നവീകരിക്കണ നവസാക്ഷരത
വിളിച്ചു കൂവണ നെടുമ്പുള്ളിയാവാൻ.
പുരോഹിതനു സ്വർഗ്ഗകവാട ചൂണ്ടുഫലകം
കാട്ടിക്കൂട്ടിക്കൊടുക്കണ വിശ്വാസിയാവാൻ.

മറന്നതു തുറന്ന്
ചിന്താമൂലകമൂലി
ചാലിച്ചു ചലിക്കുന്ന
ഓർമ്മസഹായച്ചിപ്പ്
പഴമയുടെ പിൻ കുടുമയിൽ
പുതുമയിൽ തടവി വളർത്താൻ.
******************************************************************************